"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഇന്ത്യയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം സംബന്ധിച്ച രണ്ടാമത്തെ ദേശീയ സർവെയ്ക്കായുള്ള നോഡൽ ഓഫീസർ, ഫോക്കൽ പോയിന്റ് എന്നിവരെ നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (സി) വകുപ്പ്**

സ.ഉ.(സാധാ) നം.11/2026/SJD തീയതി,തിരുവനന്തപുരം, 14-01-2026

---

പരാമർശം:-

1. കേന്ദ്ര സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയത്തിന്റെ 25-07-2025 തീയതിയിലെ DO No.5/1/2020-DP-II നം കത്ത്.
2. സാമൂഹ്യനീതി ഡയറക്ടറുടെ 04-11-2025 തീയതിയിലെ SJD/4695/2025-G5 നമ്പർ കത്ത്.

**ഉത്തരവ്**

ഇന്ത്യയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം സംബന്ധിച്ച രണ്ടാമത്തെ ദേശീയ സർവ്വേ National Drug Dependence Treatment Centre (NDDTC), AIIMS തുടങ്ങിയവരുമായി ചേർന്ന് നടത്തുന്നുവെന്നും ആയതിലേയ്ക്കായി അതത് സംസ്ഥാനങ്ങളിലും \കേന്ദ്രഭരണപ്രദേശങ്ങളിലും സർവ്വേ നടത്തുന്നതിന് Nodal Officer, Focal Point എന്നിവരെ നാമനിർദ്ദേശം ചെയ്യണമെന്നു പരാമർശം (1) പ്രകാരം കേന്ദ്ര സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയം നിർദ്ദേശിച്ചിട്ടുണ്ട്. നോഡൽ ഓഫീസർ ആയി ജോയിൻറ് സെക്രട്ടറി റാങ്കിൽ കുറയാത്തതും ഫോക്കൽ പോയിൻറ് ആയി ഡയറക്ടർ റാങ്കിൽ കുറയാത്തതും ആയ ഉദ്യോഗസ്ഥരെ നോമിനേറ്റ് ചെയ്യുന്നതിനാണ് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടുള്ളത് എന്നും അതിനാൽ നോഡൽ ഓഫീസർ ആയി സാമൂഹ്യ നിതി വകുപ്പ് ജോയിൻറ് സെക്രട്ടറിയെയും ഫോക്കൽ പോയിൻറ് ആയി സാമൂഹ്യനീതി വകുപ്പ് അഡിഷണൽ ഡയറക്ടറെയും നിയോഗിക്കാവുന്നതാണെന്ന് സാമൂഹ്യനീതി ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ലഹരി വസ്തുക്കളുടെ ഉപയോഗം സംബന്ധിച്ച സർവ്വേ നടത്തുന്നതിനുള്ള നോഡൽ ഓഫീസർ ആയി സാമൂഹ്യനീതി വകുപ്പ് ജോയിൻറ് സെക്രട്ടറിയെയും ഫോക്കൽ പോയിൻറ് ആയി സാമൂഹ്യനീതി വകുപ്പ് അഡിഷണൽ ഡയറക്ടറെയും നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

DR MANJU K

അണ്ടർ സെക്രട്ടറി

To

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്),കേരളം,തിരുവനന്തപുരം

ജോയിന്റ് സെക്രട്ടറി,സാമൂഹ്യനീതി വകുപ്പ്, ഗവണ്മെന്റ് സെക്രട്ടേറിയറ്റ്
,തിരുവനന്തപുരം

അഡിഷണൽ ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്,തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Lathika K
Date: 14-01-2026 17:23:04

സെക്ഷൻ ഓഫീസർ